LIBRARY ARCHIVES Kerala Legislative Assembly

അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

255 (4006) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. സ്ഥലമെടുപ്പിനായി മുനമ്പം ഭാഗത്ത് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് ഭാഗത്ത് 6(1) നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടില്ല.

(ഡി) ആവശ്യമായ ഭൂമി, പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമായതിനുശേഷം ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പെരുമ്പളം-മുക്കുത്തുകരി-വട്ടവയൽ പാലം

256 (4007) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം ദ്വീപിലേക്ക് ജി.ഒ.(ആർ.ടി.) 1185/2009 പ്രകാരം അനുവദിച്ച പെരുമ്പളം-മുക്കുത്തുകരി-വട്ടവയൽ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പാലത്തിന് അനുവദിച്ച തുക വകമാറ്റി ചെലവാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;